LIBRARY ARCHIVES Kerala Legislative Assembly

തകർന്നവർക്കും അതുപോലെ കടപുഴകി വീണ നൂറിലധികം തെങ്ങുകളുടെ ഉടമസ്ഥർക്കും നഷ്ടപരിഹാരം നൽകാനും, കടൽഭിത്തി നിർമ്മാണം യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിച്ച് ഈ ദ്വീപ് നിവാസികളെ രക്ഷിക്കുന്നതിനുമുള്ള ചുമതല സർക്കാർ ഏറ്റെടുക്കണമെന്നാണ് എന്റെ സബ്മിഷനിലൂടെ സൂചിപ്പിക്കാനുള്ളത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, കാസർഗോഡ് ജില്ലയിലെ അജാനൂർ പഞ്ചായത്തിലെ ചിത്താരികടപ്പുറത്ത് രൂക്ഷമായ കടലാക്രമണം അനുഭവപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇതിന്റെ ഫലമായി ഏതാനും വീടുകൾ തകർച്ചയുടെ ഭീഷണിയിലാണ്. കൂടാതെ നിരവധി തെങ്ങുകൾ കടപുഴകി വീഴുന്ന അവസ്ഥയിലുമാണ്. ശക്തമായ കടലാക്രമണംമൂലം ഈഭാഗത്ത് കരയിടിച്ചിൽ രൂക്ഷമാണ്. കിഴക്കുഭാഗം ചിത്താരിപുഴയും തെക്കും പടിഞ്ഞാറും ഭാഗങ്ങളിൽ കടലുമായി സ്ഥിതിചെയ്യുന്ന ദ്വീപ് പ്രദേശമായതിനാൽ ജനങ്ങളുടെ സ്വത്തിനും ജീവനും ഭീഷണി നേരിടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. രണ്ടര കിലോമീറ്റർ നീളമുള്ള ചിത്താരി കടപ്പുറത്തെ കടലാക്രമണം തടയുന്നതിനായി മേൽപ്പറഞ്ഞ ഭാഗങ്ങൾ ഉൾപ്പെടെ അത്യാവശ്യമായി ഒരു കിലോമീറ്റർ നീളത്തിൽ പുതിയ കടൽഭിത്തി നിർമ്മിക്കുന്നതിനായി 595 ലക്ഷംരൂപയുടെ ഡി.പി.ആർ. ആർ.ഐ.ഡി.എഫ്. 20-ൽ ഉൾപ്പെടുത്താൻ നബാർഡ് തയ്യാറാക്കിയിട്ടുണ്ട്. നബാർഡിൽ നിന്ന് ധനസഹായം ലഭിക്കുന്നമുറയ്ക്ക് പ്രവൃത്തികൾ എത്രയുംവേഗം ഏറ്റെടുക്കുന്നതാണ്.

(23) മുനയം റഗുലേറ്റർ നിർമ്മാണം

ശ്രീമതി ഗീതാ ഗോപി : സർ, എന്റെ നിയോജക മണ്ഡലത്തിലെ കരിവന്നൂർ പുഴയ്ക്ക് കുറുകെയുള്ള മുനയം റഗുലേറ്റർ നിർമ്മിക്കുന്നതിന് 1-10-2013-ലെ ജി.ഒ. (ആർടി.) നമ്പർ 1066/11 ഡബ്ല്യു.ആർ.ഡി. ഉത്തരവ് പ്രകാരം 21.75 കോടി രൂപ അനുവദിച്ചിട്ടുണ്ടായിരുന്നു. ഇതുസംബന്ധിച്ച് ഉത്തരവ് ഇറങ്ങി 9 മാസമായെങ്കിലും റഗുലേറ്റർ നിർമ്മിക്കുന്നതിന് ഇതുവരെ സാങ്കേതികാനുമതി ലഭിച്ചിട്ടില്ല. റഗുലേറ്ററിന്റെ അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിന് ഭൂമി സർവ്വേ നടത്തി ആവശ്യമായിവരുന്ന സ്ഥലത്തിന്റെ വിലകൂടി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തണമെന്നാണ് ഔദ്യോഗിക വിശദീകരണം. ഞാൻ പലതവണ കത്ത് കൊടുത്തതിന്റെ അടിസ്ഥാനത്തിൽ ജലവിഭവ വകുപ്പ് സെക്രട്ടറി വിളിച്ചുചേർത്ത യോഗതീരുമാനം അനുസരിച്ചുള്ള നടപടികൾ എവിടംവരെ എത്തിയെന്നും വ്യക്തമല്ല. 2-11-2009-ൽ 6.50 കോടിരൂപ

LIBRARY ARCHIVES Kerala Legislative Assembly

അനുവദിച്ച് തുടക്കം കുറിച്ച പദ്ധതിയുടെ നിർമ്മാണത്തിന് പലതരം സാങ്കേതിക തടസ്സങ്ങൾകാരണം ഇനിയും കാലതാമസം നേരിടുന്ന അവസ്ഥയാണ്. ലക്ഷക്കണക്കിന് ജനങ്ങൾ കുടിവെള്ളത്തിന് ആശ്രയിക്കുന്ന കരിവന്നൂർ പുഴയിൽ ഉപ്പുവെള്ളം കയറുന്നത് തടയാൻ വർഷംതോറും ബജനാവിൽ നിന്ന് വൻതുക മുടക്കി യുദ്ധകാലാടിസ്ഥാനത്തിൽ താൽക്കാലിക തടയണകൾ നിർമ്മിക്കുന്നതുവഴി കോടികൾ പാഴാക്കുകയാണ്. ഇത് തടയുന്നതിനു വേണ്ടിയാണ് മുനയത്ത് ഇങ്ങനെയൊരു റഗുലേറ്റർ സ്ഥിരം തടയണയായി നിർമ്മിക്കാൻ തീരുമാനിച്ചത്. ഇപ്പോൾ ഭരണാനുമതി ലഭിച്ചുകഴിഞ്ഞ റഗുലേറ്ററിന്റെ നിർമ്മാണം സാങ്കേതികപ്രശ്നങ്ങളിൽപ്പെട്ട് വീണ്ടും തടസ്സപ്പെടുത്തുന്ന അവസ്ഥ തികച്ചും ദുരുഹമാണ്. ഈ സാഹചര്യത്തിൽ 1-10-2013-ന് ജലവിഭവ വകുപ്പ് ഭരണാനുമതി നൽകിയ നിർദ്ദിഷ്ട എസ്റ്റിമേറ്റും പ്ലാനും അനുസരിച്ചതന്നെ മുനയം റെഗുലേറ്റർ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിന് സത്വരനടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയോട് വളരെ വിനയത്തോടെ ഞാൻ അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, നാട്ടിക നിയോജക മണ്ഡലത്തിലെ കരുവന്നൂർ പുഴയ്ക്ക് കുറുകെയുള്ള മുനയം റഗുലേറ്റർ-കം- ബ്രിഡ്ജ് നിർമ്മാണത്തിനായി 1-10-2013-ലെ ഗവൺമെന്റ് ഉത്തരവ് പ്രകാരം 21.75 കോടിരൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. സ്ഥിരം ബണ്ടുനിർമ്മാ ണത്തിന് അപ്രോച്ച് റോഡ് വേണമെന്ന വ്യവസ്ഥയില്ല എന്നിരുന്നാലും പൊതുജനങ്ങളുടെ ആവശ്യത്തിനായി അപ്രോച്ച് റോഡിനും അതിനാവശ്യമായ ഭൂമി അക്വയർ ചെയ്യുന്നതിനുമുള്ള തുക എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾത്തന്നെ വ്യക്തമാക്കിയിരുന്നു. പ്രാഥമിക സർവ്വേപ്രകാരം അപ്രോച്ച് റോഡിനായി കണ്ടെത്തിയ സ്ഥലം ഏറ്റെടുക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾത്തന്നെ ഭൂമിയുടെ വിലകൂടി ഉൾപ്പെടുത്തിയിരുന്നു. ഈ എസ്റ്റിമേറ്റ് സി.പി.ഡബ്ല്യു.ഡി. നിരക്കിൽ പുതുക്കി തയ്യാറാക്കിവരുന്നു. മുനയം റെഗുലേറ്റർ;കം-ബ്രിഡ്ജിന് സാങ്കേതികാനുമതി ലഭിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം ചർച്ച ചെയ്യുന്നതിന് ശ്രീമതി ഗീതാ ഗോപിയുടെ സാന്നിദ്ധ്യത്തിൽ 18-2-2014-ന് ജലവിഭവ അഡീഷണൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും പ്രസ്തുത യോഗത്തിൽ അപ്രോച്ച് റോഡിന് വേണ്ടിവരുന്ന സ്ഥലം ലിത്തോ മാപ്പുപയോഗിച്ച് കണ്ടുപിടിച്ച് അക്വയർ ചെയ്യേണ്ട സ്ഥലത്തിന്റെ അവകാശികളുടെ സമ്മതപത്രം വാങ്ങിയശേഷം

ലാന്റ്മാർക്ക് രജിസ്ട്രേഷൻ ഓഫ് അപ്രോപ്രിയേറ്റ് ഡിസൈൻ തയ്യാറാക്കാൻ തീരുമാനിക്കുവാനുള്ള നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. അപ്രോച്ച് റോഡിനുവേണ്ടി ഭൂമി ഏറ്റെടുക്കുന്ന നടപടികൾ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് പുരോഗമിച്ചുവരുന്നുണ്ട്. ആയത് പൂർത്തീകരിച്ച് പുതുക്കിയ എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് മേൽപ്പറഞ്ഞ ഡിസൈനും സാങ്കേതികാനുമതി നൽകുന്നതാണ്.

(24) ബി.പി.എൽ. റേഷൻ കാർഡാക്കി മാറ്റൽ

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, നമ്മുടെ സംസ്ഥാനത്തെ എ.പി.എൽ. കാർഡിൽപ്പെട്ടിട്ടുള്ളതിൽ വളരെ പാവപ്പെട്ടവരായ ആളുകൾക്ക് ബി.പി.എൽ. കാർഡ് നൽകുന്നതിനുവേണ്ടി 27-4-2012-ൽ സർക്കാർ ഉത്തരവ് ഇറക്കിയിരുന്നു. ആശ്രയ പദ്ധതിയിൽ അംഗമായിട്ടുള്ള ആളുകൾ, മാനസിക രോഗികൾ, ശാരീരിക വൈകല്യമുള്ള ആളുകൾ, ഓട്ടിസം ബാധിച്ചവർ, ഭർത്താവ് മരണപ്പെട്ട സ്ത്രീകൾ, എയ്ഡ്സ് രോഗികൾ, ക്യാൻസർ രോഗികൾ, ഡയാലിസിസിന് വിധേയരായി കൊണ്ടിരിക്കുന്ന ആളുകൾ, പരസഹായമില്ലാതെ ജീവിക്കുവാൻ കഴിയാത്തവരും നിരാലംബരുമായ ആളുകൾ, ശരീരം തളർന്ന് ശയ്യാവലംബരായി ദുരിതമനുഭവിക്കുന്നവർ, ഇങ്ങനെയുള്ള ആളുകൾ എ.പി.എൽ. കാർഡിലുണ്ടെങ്കിൽ അവരെ ബി.പി.എൽ. ആക്കാൻവേണ്ടിയാണ് ഈ ഉത്തരവ്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ നൽകിയ പതിനായിരക്കണക്കിന് അപേക്ഷകൾ കേരളത്തിലെ എല്ലാ ജില്ലാ കളക്ടേറ്റുകളിലും താലൂക്ക് സപ്ലൈ ആഫീസുകളിലും ബ്ലോക്ക് പഞ്ചായത്ത് ആഫീസുകളിലും കെട്ടിക്കിടക്കുകയാണ്. ബ്ലോക്ക് ആഫീസിലേക്ക് ഈ അപേക്ഷയുമായി ചെന്നാൽ അവർ പറയുന്നത് കളക്ടറേറ്റിൽ കൊടുക്കണമെന്നാണ്. കളക്ടറേറ്റിൽ ചെന്നാൽ സപ്ലൈ ആഫീസിൽ കൊടുക്കാൻ പറയുകയാണ്. ഇങ്ങനെ പല ആഫീസുകളിലുമായി പതിനായിരക്കണക്കിന് അപേക്ഷകൾ കെട്ടിക്കിടക്കുകയാണ്. എന്നുമാത്രമല്ല അപേക്ഷ കൊടുത്തവർക്ക് റെസീപ്റ്റും കൊടുക്കുന്നില്ല. പിന്നീട് അന്വേഷിച്ച് ചെല്ലുമ്പോൾ അവിടെ അപേക്ഷപോലുമില്ലാത്ത സ്ഥിതിവിശേഷമാണ്. 2009-ലെ സർവ്വേപ്രകാരം ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്തിയവരുടെ അപേക്ഷകൾ വേറെയും കെട്ടിക്കിടക്കുന്നുണ്ട്. മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയുമായി ബന്ധപ്പെട്ട് എ.പി.എൽ. കാർഡുകൾ ബി.പി.എൽ. കാർഡുകളാക്കി കൊടുക്കുമെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ കൊടുത്ത നിരവധി അപേക്ഷകളുമുണ്ട്. ഒരു ഉദാഹരണം പറയുകയാണെങ്കിൽ, ഡയാലിസിസിന് വിധേയരാകുന്നവർക്ക് പെൻഷൻ കൊടുക്കും. എന്നാൽ ബി.പി.എൽ.

LIBRARY ARCHIVES Kerala Legislative Assembly